പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2191 — 16.08. 2017 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. യിലെ ഒഴിവുകൾ

ചോദ്യം — ഉത്തരം

ശ്രീ.ഡി.കെ.മുരളി — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. യിൽ വിവിധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;<br><br>(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ)&.(ബി) PSC മുഖാന്തിരം നേരിട്ട് നിയമനം നടത്തേണ്ടുന്ന വിവിധ തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.<br><br>1. ചീഫ് ഇന്റേണൽ ഓഡിറ്റർ - 1<br>2. കമ്പനി സെക്രട്ടറി -1<br>3. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) പി.എസ്സ്.സി വഴി നിയമിക്കേണ്ട 40% ക്വാട്ടയിൽ 51 ഒഴിവുകൾ,<br>4. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 40%. പി എസ്സ്.സി വഴി നികത്തേണ്ട ക്വാട്ടയിൽ 14 ഒഴിവുകൾ,<br>5. സബ്എഞ്ചിനീയർ (ഇലക്ട്രിക്കൽ) 30%. പി.എസ്സ്.സി വഴി നികത്തേണ്ട ക്വാട്ടയിൽ 90 ഒഴിവുകൾ,<br>6. ഡിവിഷൻ അക്കൗണ്ട്സ് ഓഫീസർ- 1<br><br>വൈദ്യുതി ബോർഡിൽ നടപ്പാക്കിയ ആധുനിക വൽക്കരണ നടപടികളുടെ ഭാഗമായി ജീവനക്കാരുടെ ജോലിഭാരത്തിൽ വന്ന വ്യത്യാസങ്ങൾ കണക്കിലെടുത്ത് തസ്തികകളുടെ എണ്ണം പുനർ നിർണ്ണയിക്കേണ്ടുന്ന കാഷ്യർ/ ജൂനിയർ അസിസ്റ്റന്റ് , മീറ്റർ റീഡർ തസ്തികകളിൽ ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടില്ല.<br><br>നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) – ലെ 4 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടിട്ടുണ്ട്.<br><br>ഡിവിഷൻ അക്കൗണ്ട്സ് ഓഫീസർ തസ്തിക -1 റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ചീഫ് ഇന്റേണൽ ഓഡിറ്ററുടെയും കമ്പനി സെക്രട്ടറിയുടെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) എങ്കിൽ എന്നാണ് അവസാനമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കാമോ; | (സി) 2017 ഏപ്രിൽ 6 ന് റിപ്പോർട്ട് ചെയ്ത 48 കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലാണ് അവസാനമായി PSC യ്ക്ക് റിപ്പോർട്ട് ചെയ്തത്. |
| (ഡി) കെ.എസ്.ഇ.ബി. യിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന താല്ക്കാലിക ജീവനക്കാരുടെയും കരാർ ജീവനക്കാരുടെയും എണ്ണം വ്യക്തമാക്കാമോ; | (ഡി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഒരു തസ്തികയിലും താൽക്കാലികമായി, ആരെയും നിയമിച്ചിട്ടില്ല. എന്നാൽ ചില തസ്തികകളിലെ ചില ജോലികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ പി.എസ്.സി വഴി നിയമനം നടക്കുന്നതുവരെ ചീഫ് ഇന്റേണൽ ഓഡിറ്ററുടെ തസ്തികയിൽ കരാറടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ